**<u>15 -ാം കേരള നിയമസഭ</u>**

**<u>10 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2807</u>** **<u>13-02-2024 - ൽ മറുപടിയ്ക്ക്</u>**

**<u>മല്ലപ്പള്ളി താലൂക്ക് ആശുപത്രി നിർമ്മാണം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യു ടി. തോമസ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി എസ്.പി.വി ആയി നിശ്ചയിച്ചിട്ടുള്ള മല്ലപ്പള്ളി താലൂക്ക് ആശുപത്രി നിർമ്മാണം തുടങ്ങുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വ്യക്തമാക്കാമോ; | (എ) | മല്ലപ്പള്ളി താലൂക്ക് ആശുപത്രിയിൽ കിഫ്ബി ഫണ്ടുപയോഗിച്ച് പുതിയ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തിയാക്കുകയും, നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ തിരഞ്ഞെടുക്കുകയും ചെയ്തു. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് ജി.ഒ. നമ്പർ 41/2020/PWD Dtd 19.03.2020 പ്രകാരം ടെൻഡർ തുകയ്ക്ക് ഇളവ് നൽകിയതിനെതിരെ (10 % പ്രൈസ് പ്രിഫറൻസ്) മറ്റൊരു കരാറുകാരനായ M/s കൂൾ ഹോംസ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുൻപാകെ റിട്ട് ഹർജി സമർപ്പിക്കുകയും, ബഹു: ഹൈക്കോടതി ഇടക്കാല ഉത്തരവ് പ്രകാരം കോടതിയുടെ അനുമതിയില്ലാതെ തുടർ നടപടികൾ എടുക്കരുതെന്ന് ഉത്തരവിടുകയും ചെയ്തു.. |
| (ബി) | പ്രസ്തുത തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | ബഹു: ഹൈക്കോടതിയിൽ ഇത് സംബന്ധിച്ച് കെ.എസ്.ഇ.ബി.എൽ കാര്യവിവരണ പത്രിക (statement of facts) നൽകിയിട്ടുണ്ട്. ബഹു: ഹൈക്കോടതിയുടെ അന്തിമ വിധിക്ക് അനുസരിച്ചുള്ള കരാർ നടപടികൾ പൂർത്തിയാക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുകയും ചെയ്യുന്നതാണ്. |
| (സി) | ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് തുടങ്ങുവാൻ സാധിക്കുമെന്ന് വിശദമാക്കാമോ? | (സി) | ബഹു: ഹൈക്കോടതിയിൽ ഇത് സംബന്ധിച്ച് കെ.എസ്.ഇ.ബി.എൽ കാര്യവിവരണ പത്രിക (statement of facts) നൽകിയിട്ടുണ്ട്. ബഹു: ഹൈക്കോടതിയുടെ അന്തിമ വിധിക്ക് അനുസരിച്ചുള്ള കരാർ നടപടികൾ പൂർത്തിയാക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുകയും ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ